**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**13.11.2019 ലെ മറുപടിയ്ക്ക്.**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 4406**

## ഹോസ്റ്റലുകളുടെ നിലവാരം

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളുടെ നിലവാരം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വകുപ്പിനു കീഴിൽ 85 പ്രീ-മെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ടി ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ രക്ഷാധികാരിയായി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഓഫീസർമാർ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റൽ സന്ദർശനം നടത്തുകയും, പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരും ഭരണവകുപ്പിലെ ഉദ്യോഗസ്ഥരും ഹോസ്റ്റൽ സന്ദർശനം നടത്തുകയും, സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | കഴിഞ്ഞ വർഷം പ്രസ്തുത ഹോസ്റ്റലുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയത്; | (ബി) | വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഹോസ്റ്റലുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പല സ്ഥാപനങ്ങളിലും പല തരത്തിലുള്ള ക്രമക്കേടുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഹോസ്റ്റലുകളിൽ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല. അറ്റകുറ്റപ്പണികൾ , നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നു. കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ ക്യാമ്പ് നടത്തുന്നില്ല. കേന്ദ്രീകൃത പർച്ചേയ്സിംഗ് സമ്പ്രദായത്തിലൂടെ ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. ജനറേറ്റർ, കമ്പ്യൂട്ടർ, ടി.വി. തുടങ്ങിയ ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്യുന്നില്ല. സോളാർ പ്ലാന്റുകൾ പലതും പ്രവർത്തനരഹിതമാണ്. കുട്ടികൾക്ക് വിതരണം ചെയ്യുന്ന പോക്കറ്റ് മണിയിൽ അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടച്ചിട്ടില്ല. ബില്ലുകളും വൗച്ചറുകളും ശരിയായി സൂക്ഷിക്കുന്നില്ല. ഉപദേശക സമിതികൾ യഥാസമയം കൂടുന്നില്ല. ചില ഹോസ്റ്റലുകളുടെ അന്തരീക്ഷം വൃത്തിഹീനമാണ് തുടങ്ങിയ പോരായ്മ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത പോരായ്മ പരിഹരിക്കുന്ന-തിനായി സർക്കാർ കർശന നിർദ്ദേശം നൽകുകയും ആയവ പരിഹരിച്ചുവരുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത വിജിലൻസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | വിജിലൻസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ നൽകിയിട്ടുണ്ട്. വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ള ജീവനക്കാർക്ക് അവരിൽ നിന്നും വിശദീകരണം വാങ്ങി തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ ഓരോ വർഷവും ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ച് നടപ്പിലാക്കുന്നുണ്ട്. വരുന്ന 5 വർഷങ്ങൾക്കുള്ളിൽ ഹോസ്റ്റലുകളുടെ നിലവാരം യൂണിസെഫ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ ഉയർത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ